ശ്രീ. പി. എസ്സ്. നടരാജപിള്ള : ലോണിനു് പലിശ കൊടുക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കൊടുക്കണം.

ശ്രീ. പി. ആർ. മാധവൻപിള്ള : കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു് കോൺട്രാക്റ്റ് കൊടുക്കുന്നോ, ഡിപ്പാർട്ടുമെന്റിൽനിന്നു് നടത്തുന്നോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കോൺട്രാക്റ്റ് കൊടുക്കുകയാണു്.

നെല്ലുകുത്തു് അന്വേഷണകമ്മിറ്റി.

* 617. [14] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യാഗവണ്മെന്റ് നിയമിച്ചിട്ടുള്ള നെല്ലുകുത്തു് അന്വേഷണകമ്മിറ്റി ഈ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ ;

(ബി) ഈ ഗവണ്മെന്റ് പ്രസ്തുത കമ്മിറ്റിമുമ്പാകെ എന്തെങ്കിലും അഭിപ്രായം നൽകിയിട്ടുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇൻഡ്യാഗവണ്മെന്റ് നിയമിച്ചിട്ടുള്ള നെല്ലുകുത്തു് അന്വേഷണകമ്മിറ്റി ഈ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടു്.

(ബി) ഈ സ്റ്റേറ്റിന്റെ അഭിപ്രായം കമ്മിറ്റിമുമ്പാകെ നൽകിയിട്ടുണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : അതിൽ ഗവണ്മെന്റ് എന്തെല്ലാം ശുപാർശകളാണു ചെയ്തിട്ടുള്ളതു് ?

ശ്രീ. എ. ജെ. ജോൺ : അവസാനതീരുമാനം എടുത്തിട്ടില്ലാത്ത സ്ഥിതിക്കു് ഗവണ്മെന്റിന്റെ ശുപാർശകളെപ്പറ്റി എന്തെങ്കിലും പറയുന്നതു് ശരിയായിരിക്കുകയില്ല.

പഞ്ചായത്തുകളിലെ ബഡ്ജറ്റു്.

* 618. [15] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതിനകം എത്ര പഞ്ചായത്തുകളിലെ ബഡ്ജറ്റു് ഈ വർഷം ഗവണ്മെന്റു് അംഗീകരിച്ചിട്ടുണ്ടു് ;

(ബി) എത്ര പഞ്ചായത്തുകൾ യാതൊരു പ്രവർത്തനവും നടത്താത്തതായി ഈ സംസ്ഥാനത്തുണ്ടു് ;

(സി) എത്ര പഞ്ചായത്തുകളിലെ പ്രസിഡന്റുമാരെ ഇതിനകം അഴിമതിപ്രവർത്തനംമൂലം മാറ്റിയിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 543 പഞ്ചായത്തുകളുടെ ബഡ്ജറ്റു് അംഗീകരിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly